# കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്

## സംസ്ഥാന കാര്യാലയം, തിരുവനന്തപുരം - 33

നമ്പർ:-***B-1622/2022/KSBSG*** തീയതി: ***27-09-2022***

***<u>സർക്കുലർ</u>***

സ്വീകർത്താവ്,

**എല്ലാ ജില്ലാ സെക്രട്ടറിമാർക്കും**

സർ,

**വിഷയം : കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്- ലഹരി മുക്ത കേരളം – ലഹരിമുക്ത നവകേരള സൈക്കിൾ റാലി 2022 ഒക്ടോബർ 25 മുതൽ നവംബർ 1 വരെ നടത്തുന്നത് സംബന്ധിച്ച്**

കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻറ് ഗൈഡ്സ് 2022 ആഗസ്റ്റ് മാസം നടത്താൻ തീരുമാനിച്ച ലഹരിമുക്ത നവകേരള സൈക്കിൾ റാലി കാലാവസ്ഥ മോശമായതുകൊണ്ട് മാറ്റിവെച്ചിരുന്നുവല്ലോ. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു നടത്തുന്ന കേരള സർക്കാരിന്റെ ലഹരിമുക്ത പരപാടികൾ ഒക്ടോബർ മാസം ആരംഭിക്കുകയാണ്. നമ്മുടെ മുൻ തീരുമാനപ്രകാരമുള്ള ലഹരി മുക്ത നവകേരള സൈക്കിൾ റാലി വിദ്യാഭ്യാസ വകുപ്പിന്റെ പരിപാടികൾക്ക് ശക്തി പകരുമെന്നതിൽ തർക്കമില്ല. 2022 ഒക്ടോബർ 25 ന് കാസർഗോഡ് നിന്ന് ആരംഭിച്ച് നവംബർ 1 ന് തിരുവനന്തപുരത്ത് സമാപിക്കുന്ന 'ലഹരിമുക്ത നവകേരള സൈക്കിൾ റാലി' കൂടുതൽ തയ്യാറെടുപ്പോടെയും ജനപങ്കാളിത്തത്തോടെയും സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. ചുവടെ കൊടുത്ത നിർദ്ദേശങ്ങൾക്കനുസൃതമായി നടത്തുന്ന പ്രസ്തുത പരിപാടിക്ക് ഏവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

| | | |
|---|---|---|
| പരിപാടിയുടെ പേര് | : | ലഹരിമുക്ത നവകേരള സൈക്കിൾ റാലി |
| തീയ്യതി | : | 2022 ഒക്ടോബർ 25 മുതൽ നവംബർ 1 വരെ |
| റാലി ആരംഭിക്കുന്ന സ്ഥലം തീയ്യതി | : | കാസർഗോഡ് - 2022 ഒക്ടോബർ 25 ന് രാവിലെ 10 മണി |
| റാലിസമാപിക്കുന്ന സ്ഥലം, തീയ്യതി | : | തിരുവനന്തപുരം - 2022 നവംബർ 1 ന് വൈകു. 3 മണി |
| റാലി റൂട്ട് | : | ദേശീയ പാത<br>(ചില പ്രത്യേക സ്ഥലങ്ങളിൽ സംസ്ഥാന ഹൈവേയും ഉപയോഗിക്കും) |
| പങ്കെടുക്കേണ്ടവർ | : | റാലി കടന്നുപോകുന്ന വിദ്യാഭ്യാസ ജില്ലകളിലെ സ്കൗട്ട്/ഗൈഡ്, റോവർ/റേഞ്ചർ, ഫോർമർ സ്കൗട്ട്/ ഗൈഡ് , യൂണിറ്റ്ലീഡർമാർ. |
| ജില്ല കരുതേണ്ടത് | : | 25 ബൈക്കുകൾ (റോവേർസ്/റേഞ്ചേർസ് യൂണിറ്റ് ലീഡർമാർ എന്നിവർക്ക് വേണ്ടി). 10 സൈക്കിളുകൾ. |
| ആംബുലൻസ് | : | ആരോഗ്യ വകുപ്പ്, സന്നദ്ധ സംഘടനകളുമായി ബന്ധപ്പെടണം |
| സ്വീകരണ-സമാപന പരിപാടികൾ | : | റാലി കടന്നു പോകുന്ന എല്ലാ വിദ്യാഭ്യാസ ജില്ലകളിലും സ്വീകരണ പരിപാടി സംഘടിപ്പിക്കേണ്ടതാണ്. ഗതാഗത പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി ***സ്കൂളുകൾ കേന്ദ്രീകരിച്ച് സ്വീകരണ പരിപാടി സംഘടിപ്പിക്കുന്നതാണ് ഉചിതം.*** സ്വീകരണ പരിപാടികളിൽ പരമാവധി എം. പി, എം.എൽ.എ മാർ, മറ്റ് ജനപ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിക്കണം. സ്വീകരണ കേന്ദ്രങ്ങൾ ഏതെന്ന് അതാത് ജില്ലകൾക്ക് |

| | | |
|---|---|---|
| | | തീരുമാനിക്കാവുന്നതാണ്. സംഘാടക സമിതി രൂപീകരിച്ച് ജനപങ്കാളിത്തം ഉറപ്പ് വരുത്തണം. സ്വീകരണകേന്ദ്രങ്ങൾ ഏതൊക്കെയെന്ന് മുൻകൂട്ടി സംസ്ഥാന അസോസിയേഷനെ അറിയിക്കണം. |
| റാലിയുടെ യാത്രാവിവരണം | : | റാലിയിൽ പങ്കെടുക്കുന്ന ബൈക്കുകൾ മാത്രമേ ഒരു വിദ്യാഭ്യാസ ജില്ലയുടെ ആരംഭം മുതൽ അവസാനിക്കുന്ന സ്ഥലം വരെ മാത്രമേ യാത്ര ചെയ്യേണ്ടതുള്ളു. ബൈക്കുകളിൽ സഞ്ചരിക്കുന്നവർ ഹെൽമെറ്റ് നിർബ്ബന്ധമായും ധരിക്കേണ്ടതാണ്. സൈക്കിളിൽ സഞ്ചരിക്കുന്ന സ്കൗട്ട്/ഗൈഡുകൾ സ്വീകരണസ്ഥലത്തിന്റെ 2 കിലോമീറ്റർ മുൻപേയും 2 കിലോമീറ്റർ സ്വീകരണ ശേഷവും റാലിയോടൊപ്പം യാത്ര ചെയ്യേണ്ടതാണ്. റാലിയിൽ പങ്കെടുക്കുന്നവർ യൂണിഫോമിൽ ആയിരിക്കണം. |
| റാലി പ്ലക്കാർഡ് | : | റാലിക്കാവശ്യമായ പ്ലക്കാർഡുകളുടെ വലുപ്പം ഒന്നരയടി നീളം , അരയടി വീതിയിലുള്ളതായിരിക്കണം. |

- ☞ സ്വീകരണ കേന്ദ്രങ്ങളായി നിശ്ചയിച്ച സ്കൂളുകളുടെ ലിസ്റ്റ് ഡി.ജി.ഇ ക്ക് സമർപ്പിക്കുന്നതിനായി ഒക്ടോബർ 5 നകം സംസ്ഥാന കാര്യാലയത്തിൽ ലഭിക്കണം.
- ☞ റാലികളിൽ കുട്ടികളെ കൊണ്ടുവരുന്നതിനും തിരികെ സുരക്ഷിതമായി കൊണ്ടുപോകുന്നതിനും യൂണിറ്റ് ലീഡർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- ☞ റാലിയിൽ പങ്കെടുക്കാത്ത മറ്റു സ്കൗട്ട്/ഗൈഡ്, റോവേർസ്/റേഞ്ചേർസിനെ സ്വീകരണ കേന്ദ്രങ്ങളിൽ പങ്കെടുപ്പിക്കേണ്ടതാണ്. പൊതുജന പങ്കാളിത്തവും ഉറപ്പ് വരുത്തണം.
- ☞ സ്വീകരണ കേന്ദ്രങ്ങളിൽ റാലി എത്തിച്ചേരുന്നതിന് മുമ്പുതന്നെ ലഹരി വിരുദ്ധ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഫ്ളാഷ് മോബ്, സംഗീതശില്പം, തെരുവ് നാടകം മുതലായവ സംഘടിപ്പിക്കാം. (സന്നദ്ധ സംഘടനകൾ, എക്സൈസ് ഡിപ്പാർട്ട്മെന്റ് എന്നിവരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്താം.
- ☞ റാലിസ്വീകരണ കേന്ദ്രങ്ങളിൽ റാലി എത്തിച്ചേരുന്നതിന് മുമ്പുതന്നെ പരിപാടികൾ ആരംഭിക്കണമെങ്കിൽ മൈക്കും മറ്റ് സംവിധാനങ്ങളും ജില്ലകൾ ഒരുക്കേണ്ടതാണ് .
- ☞ റാലികളിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ എണ്ണം പേര് എന്നിവ ജില്ലകൾ ഒക്ടോബർ 15 ന് മുമ്പ് സ്റ്റേറ്റ് അസോസിയേഷനെ അറിയിക്കേണ്ടതാണ്.
- ☞ റാലിയിൽ പങ്കെടുക്കുന്ന മുഴുവൻ അംഗങ്ങൾക്കും സംസ്ഥാന അസോസിയേഷൻ പ്രശംസാ പത്രം നൽകുന്നതാണ്.

***<u>യൂണിറ്റ്, ലോക്കൽ, ജില്ല തലങ്ങളിൽ ഉറപ്പ് വരുത്തേണ്ട ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ</u>***

(1) 2022 ഒക്ടോബർ 1 ന് മുമ്പുതന്നെ ലഹരിമുക്തനവകേരളം പദ്ധതിയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ലഘുലേഖകൾ, പോസ്റ്ററുകൾ, പ്രതിജ്ഞാ പത്രം സ്റ്റിക്കർ എന്നിവ കരുതേണ്ടതാണ്.

(2) ഒക്ടോബർ 2 മുതൽ ഗൃഹസന്ദർശനം നടത്തി ലഘുലേഖകൾ വിതരണം ചെയ്യണം.

(3) ഗൃഹസന്ദർശനത്തിന്റെ ഔപചാരികമായ ഉദ്ഘാടനം ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ നടത്തേണ്ടതാണ്.

(4) ഗൃഹസന്ദർശനം ഒരാഴ്ചക്കാലം കൊണ്ട് പൂർത്തികരിക്കേണ്ടതാണ്.

(5) പൊതുസ്ഥലങ്ങളിൽ ബാനറുകൾ, പോസ്റ്ററുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

(6) പ്രചരണാർത്ഥം കാൽനട/സൈക്കിൾ റാലികൾ നടത്തണം

(7) സ്കൗട്ട്/ ഗൈഡുകൾ യൂനിഫോമിലാണ് ഗൃഹസന്ദർശനം നടത്തേണ്ടത്.

(8) കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്താനുള്ള മുൻകരുതലുകൾ ഉറപ്പ് വരുത്തണം. (തെരുവുനായ പ്രശ്നം പ്രത്യേകം ഓർമ്മിക്കുക).

(9) ഒരു സ്കൗട്ട്/ഗൈഡ് സ്വന്തം വീടും സമീപമുള്ള 5 വീടുകളും തെരഞ്ഞെടുത്ത് പ്രവർത്തിക്കുക.

(10) ബോധവൽക്കരണത്തിനു ശേഷം പ്രതിജ്ഞാപത്രം നൽകുക. വായിച്ച് ബോധ്യപ്പെട്ടതിനുശേഷം എല്ലാ അംഗങ്ങളുടെയും ഒപ്പ് പതിച്ചതിനുശേഷം തിരികെ വാങ്ങുക.

(11) പ്രതിജ്ഞാ പത്രത്തിൽ ഒപ്പ് വെച്ചവരുടെ വീടുകളിൽ സ്റ്റിക്കർ പതിക്കണം.

(12) സ്കൂൾ അസംബ്ലിയിൽ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തതിനു ശേഷം ലഹരിമുക്ത വിദ്യാലയമായി പ്രഖ്യാപിക്കുകയും ബോർഡ് പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണ്.

(13) ഉയർന്ന ബാഡ്ജുകൾക്കു വേണ്ടി തയ്യാറെടുക്കുന്ന കുട്ടികൾ ഈ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു എന്ന് ഉറപ്പ് വരുത്തണം.

(14) യൂണിറ്റ് ലീഡർമാർ ഗ്രൂപ്പ് കമ്മിറ്റികൾ വിളിച്ച് ചേർത്ത് എല്ലാവരുടേയും സഹകരണവും പങ്കാളിത്തവും ഉറപ്പ് വരുത്തണം.

***ലോക്കൽ- ജില്ലാ തല പ്രവർത്തനങ്ങൾ***

(1) യുണിറ്റ് തല പ്രവർത്തനങ്ങൾ നടക്കുന്നു എന്ന് ഉറപ്പ് വരുത്തുക

(2) ആവശ്യമായ സഹായങ്ങൾ എത്തിച്ചു നൽകുക

(3) ലോക്കൽ, ജില്ലാതലങ്ങളിൽ ബോധവൽക്കരണ എക്സിബിഷൻ, ഫ്ലാഷ്മോബുകൾ, സ്കിറ്റുകൾ സംഘടിപ്പിക്കുക.

(4) പ്രാദേശിക കാൽനട/സൈക്കിൾ റാലികൾ സംഘടിപ്പിക്കുവാൻ സഹായിക്കുക

(5) ലഘുലേഖകൾ, പോസ്റ്ററുകൾ, സ്റ്റിക്കറുകൾ, ബാനറുകൾ എന്നിവ യുണിറ്റുകൾക്ക് ലഭ്യമാക്കുക

(6) സംസ്ഥാന സൈക്കിൾ റാലിക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.

(7) വിവിധ തലങ്ങളിലുള്ള യോഗങ്ങൾ വിളിച്ചുചേർക്കുക.

വിശ്വസ്തതയോടെ,

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM

**സ്റ്റേറ്റ് സെക്രട്ടറി**